# നാളികേര നീര ബോർഡ് രൂപവത്കരിച്ചു

തിരുവനന്തപുരം: തെങ്ങ് കൃഷി കൂടുതൽ ആദായകരമായി നടത്താൻ കർഷക സഹകരണസംഘങ്ങളെ ,സഹായിക്കുക, നീരയെ സംസ്ഥാനത്തും രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലും എത്തിച്ച് വിപണനത്തിനുള്ള സാഹചര്യം ഒരുക്കുക എന്നീ ലക്ഷ്യങ്ങളോടെ കൃഷി, എക്സൈസ് വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം ഉറപ്പുവരുത്തി നാളികേര-നീര ബോർഡ് രൂപവത്കരിച്ച് ഉത്തരവായി.

കാർഷികോത്പാദന കമ്മീഷണറാണ് ബോർഡ് ചെയർമാൻ. എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായിരിക്കും.